MALAYALA MANORAMA - 03-09-2024

# വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കും: മന്ത്രി

കൊച്ചി● വേണ്ടതിലേറെ സ്ഥലമുള്ള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാംപസ് വ്യവസായ പാർക്കുകൾ സ്ഥാപിക്കുമെന്നു മന്ത്രി പി. രാജീവ് പറഞ്ഞു. 10 ഏക്കറിൽ കൂടുതൽ സ്ഥല സൗകര്യമുള്ള സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദവി നൽകും. ക്യാംപസ് വ്യവസായ പാർക്കുകളിൽ പാർട്ട് ടൈം ജോലികൾ ചെയ്തു വിദ്യാർഥികൾക്കു പ്രതിഫലം നേടാം.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (സിഫ്റ്റ്) സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) ചേർന്നു സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുഫോസ് സ്ഥാപക വൈസ് ചാൻസലർ പ്രഫ. ബി. മധുസൂദന കുറുപ്പിന് 'സോഫ്ടി' അവാർഡ് മന്ത്രി സമ്മാനിച്ചു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റ് ജി. പവൻ കുമാർ, സിഫ്റ്റ് ഫിഷ് പ്രോസസിങ് വിഭാഗം മേധാവി ഡോ. ജെ. ബിന്ദു, സോഫ്ടി സെക്രട്ടറി ഡോ. നികിത ഗോപാൽ എന്നിവർ പ്രസംഗിച്ചു. സെമിനാർ 4 നു സമാപിക്കും.



ഐസിഎആർ സിഫ്റ്റും സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് അക്വാ ഫുഡ് എക്സലൻസ്: മത്സ്യ സംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ എന്ന വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാർ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യുന്നു.